കേരള സർക്കാർ

# മണീട് ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.6)1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :14.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.6)1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 14.09.2017

# എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 1.9.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അന്വേഷണക്കുറിപ്പുകൾ 12 നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ചെയ്ത ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 24.7.2017 മുതൽ 3.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അജിതൻ ടി.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഉമ ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| പ്രസിഡന്റ് | | ശോഭ ഏലിയാസ് | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | | ജോസഫ് വി.ജെ. | 1.4.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | വികസന കാര്യം | ആലീസ് ബേബി | 1.4.2016 | 31.3.2017 |
| | ക്ഷേമകാര്യം | കെ.എസ്. രാജേഷ് | 1.4.2016 | 31.3.2017 |
| | വിദ്യാഭ്യാസം & ആരോഗ്യകാര്യം | ധന്യ സിനേഷ് | 1.4.2016 | 31.3.2017 |
| സെക്രട്ടറി | | വി.കെ.വൽസലൻ | 1.4.2016 | 31.12.2016 |
| | | സി.ജെ. റീജ | 1.1.2017 | 6.2.2017 |
| | | യു.കെ.സുരേന്ദ്രൻ | 7.2.2017 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | | ശോഭ പി.എൻ. | 1.4.2016 | 21.7.2016 |
| | | വി.ജെ.ആന്റണി | 22.7.2016 | 7.1.2017 |
| | | പ്രസന്ന എസ്.ടി. | 8.1.2017 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | കെ.കെ.ലേഖ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശ്രീജ കെ. | 1.4.2016 | 28.5.2016 |
| | ഡോ.അമ്പിളി.ആർ.നായർ | 29.5.2016 | 29.5.2016 |
| | ഡോ. ചന്ദന ശേഖർ | 30.5.2016 | 4.8.2016 |
| | ഡോ.അഞ്ജന എം.എ | 5.8.2016 | 21.8.2016 |
| | ഡോ.അമ്പിളി ആർ. നായർ | 22.8.2016 | 16.10.2016 |
| | ഡോ. ചന്ദന ശേഖർ | 17.10.17 | 9.2.2017 |
| | ഡോ.അഞ്ജന എം.എ. | 10.2.2017 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബിനി കെ.ബി. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയിംസ് പി. ജോയ് | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശുഭ കെ. നായർ | 1.4.2016 | 30.4.2016 |
| | രാജേശ്വരി വി.എൻ. | 1.5.2017 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മണീട്) | ലിൻഡ ഡിക്രൂസ് | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഏഴക്കരനാട്) | രാജേഷ് കുമാർ ഇ.പി. | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ശ്രീലക്ഷ്മി പി. എം. | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | മാഘ്ന. ടി.കെ. | 1.4.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയ പി.ആർ | 1.4.2016 | 31.3.2017 |
| ഹെഡ്മിസ്ട്രസ്,GUPS മണീട് | മോളി കെ. എം. | 1.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്. | 1-12 |
| | ഭാഗം - 2 | |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 14 | വാടകയ്ക്ക് നൽകിയ മുറി രണ്ടായി തിരിച്ചത് | 2-2 |
| 15 | ഇ- ടെണ്ടർ - ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-3 |
| 16 | വസ്തു നികുതി നിർണ്ണയം – സോഫ്റ്റ്‌വെയർ കണക്കുകളിൽ അപാകത | 2-4 |
| 17 | കെട്ടിട നിർമ്മാണാനുമതിയിൽ നിന്നു വ്യതിചലിച്ചുള്ള നിർമ്മാണം | 2-5 |
| | ഭാഗം - 3 | |
| 18 | മരുന്നു വാങ്ങൽ – ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 3-1 |
| 19 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-2 |
| 20 | അനുകരണീയ മാതൃക - പ്രത്യേക അവലോകനം | 3-3 |
| | ഭാഗം - 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17വർഷത്തെ ബജറ്റ് 1.3.2016 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,00,66,614 | 8,64,44,721 |
| വാർഷിക കണക്കുകൾ പ്രകാരം | 4,36,13,200 | 4,35,42,687 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. EFMS മുഖേന ട്രാൻസ്ഫർ ചെയ്ത 39524860/- രൂപ തട്ടിക്കിഴിച്ചാൽ വരവിൽ 69,28,551/- രൂപയുടേയും ചെലവിൽ 33,77,174/- രൂപയുടേയും വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 12.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | പരിശോധനാ വിവരം |
|---|---|---|

| | പരിശോധിച്ച തീയതി | |
|---|---|---|
| 2016-17 | 1.8.2017 | അപാകതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2034122.05 |
| വരവ് | 43613200.00 |
| ആകെ | 45647322.05 |
| ചെലവ് | 43542687.00 |
| നീക്കിയിരിപ്പ് | 2104635.05 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 526923 |
| സർവ്വീസ് സെസ്സ് | 44056 |
| ഡി&ഒ ലൈസൻസ് ഫീസ് | 3690 |
| ആകെ | 574669 |

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | തൻവർഷ വരവ് | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക | ചെലവ് % |
|---|---|---|---|---|---|
| പൊതു വിഭാഗം | 6235000 | 7742543 | 7472543 | 270000 | 96.51 |
| എസ്.സി. പി. | 5901000 | 5901318 | 5451318 | 450000 | 92.37 |
| ടി.എസ്. പി. | 2000 | 2241 | 2241 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 10612000 | 10612140 | 9160296 | 1451844 | 86.32 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2555000 | 2554755 | 2306480 | 248275 | 90.28 |
| ധനകാര്യ | 3839000 | 4342552 | 4342552 | 0 | 100 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | |
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക്) | - | 1676244 | 1530837 | 145407 | 91.33 |

ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക പിന്നീട് പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയി രിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 1353 | 602026 | 603379 | 601588 | 1791 |
| ബി ഫണ്ട് | - | 26585930 | 26585930 | 26585930 | - |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് EFMS മുഖേന ചെലവഴിച്ച തുകകൾ വരവുചെലവു കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. EFMS മുഖേന 13057874 /- രൂപയാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 144 | 45140095 | 91 | 33589615 | 25 | 28 | 75.69 |

ഏറ്റെടുത്ത മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :-

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 12 | 4 | 2202296 | 519240 | 23.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 3182000 | 3127940 | 98.30 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 74 | 26401455 | 18608045 | 70.48 |
| കൃഷി ഓഫീസർ | 3 | 3 | 3635000 | 2634073 | 72.46 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 5 | 1026000 | 1025990 | 99.99 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 4103449 | 3692661 | 89.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 1768195 | 1768195 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 1065000 | 571771 | 53.69 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 456700 | 456700 | 100 |
| ഹെഡ്മാസ്റ്റർ GUPS | 2 | 2 | 300000 | 185000 | 61.67 |
| ആകെ | 144 | 116 | 45140095 | 33589615 | 74.41 |

സെക്രട്ടറി ഏറ്റെടുത്ത പ്രൊജക്ടുകളിൽ 23.58% മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏറ്റെടുക്കുന്ന മുഴവൻ പ്രൊജക്ടുകളും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം.

2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.88 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശത മാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2287816 | 2554517 | 266701 | 11.66 |
| നികുതിയേതര വരവുകൾ | 555544 | 744895 | 189351 | 34.08 |
| മറ്റുവരവുകൾ | 32801 | 33431 | 630 | 1.92 |
| ആകെ | 2876161 | 3332843 | 456682 | 15.88 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135240 | 77 |
| കർഷകത്തൊഴിലാളി പെൻഷൻ | 3822160 | 445 |
| വിധവാപെൻഷൻ | 6139470 | 539 |
| വാർദ്ധക്യകാല പെൻഷൻ | 14035210 | 1279 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1868120 | 204 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 437130 | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.7.2017 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്തു സൂക്ഷിക്കുന്നുണ്ട്. തുടക്കത്തിൽ സാംഖ്യയിൽ ഉൾപ്പെടാത്ത ആസ്തികളെ എല്ലാം തുടർവർഷങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ അധികാരികളുടെ ആസ്തി സമാഹരണവും ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുന്നുണ്ട്. ഇത്തരം ചെലവുകളും ക്യാപ്പിറ്റൽ ചെലവുകളായി തന്നെ പരിഗണിച്ചു വരുന്നു.
2. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായിരുന്ന മണൽ വാരൽ നിരോധിച്ചതുമൂലം, വരുമാനത്തിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് ദൗർലഭ്യം മൂലം ലൈബ്രറി സെസ്സ് (78721/-രൂപാ), റിവർമാനേജ്മെന്റ് ഫണ്ട് (2123406/- രൂപാ), റോയൽറ്റി (72050/- രൂപാ) എന്നിവ അടവാക്കുവാൻ ബാക്കി നിൽക്കുന്നു.
3. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള ഇന്റഗ്രേഷൻ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.
4. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബ്രിഡ്ജ് / ജോയിന്റ് അക്കൗണ്ടുകൾ ഇല്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.7.2017 & 28.7.2017 | 6/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2016 മുതൽ 16.2.2016 വരെ | 2011-12മുതൽ 2014-15വരെ | 11.4.2016 |

# 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചു.

ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 27341/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | രസീത് നമ്പർ /തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| 7 | സെക്രട്ടറി | 2500 | 117030100755/ 2.8.2017 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 16115 | 117030100756/ 2.8.2017 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | 8726 | 117030100754/ 2.8.2017 |
| ആകെ | | 27341 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് 232 -ാം വകുപ്പ് പ്രകാരം ലൈസൻസില്ലാതെ ഏതാവശ്യത്തിനും സ്ഥലം ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസിനത്തിൽ 3,690/- രൂപ ഈടാക്കുവാനുള്ളത് ഇതിന്റെ സൂചനയാണ്. ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയത്തിന്റെ താഴത്തെ നിലയിൽ 5/392H നമ്പർ മുറിയിൽ പ്രവൃത്തിക്കുന്ന എൽ.ഐ.സി. പോളിസി സേവന കേന്ദ്രം (ഫോട്ടോസ്റ്റാറ്റ്) പോലും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 2-2 വാടകയ്ക്ക് നൽകിയ മുറി രണ്ടായി തിരിച്ചത്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 5/392 H നമ്പർ മുറി എഗ്രിമെന്റ് പ്രകാരം 1-4-2016 മുതൽ 31-3-2017 വരെ വാടകയ്ക്ക് എടുത്തിരിക്കുന്നത് പി.സി.വർഗ്ഗീസ് എന്നയാളാണ്. വാടക രജിസ്റ്റർ പ്രകാരം മേൽ നമ്പർ മുറി ഒറ്റ മുറിയാണ്. ടി മുറി രണ്ടായി തിരിച്ചിട്ടുള്ളതായും ഒരു ഭാഗത്ത് ബേക്കറിയും, അടുത്തതിൽ എൽ.ഐ.സി.പോളിസി സർവീസ് സെന്ററും ഫോട്ടോസ്റ്റാറ്റ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. വാടകക്കാരൻ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ച് മുറി രണ്ടായി തിരിച്ചിട്ടു നൽകിയതിന്റെയും, എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ച വ്യക്തിയ്ക്ക് തന്നെ 2017-18 വർഷത്തിലും വാടകയ്ക്ക് നൽകിയതിന്റേയും കാരണം വ്യക്തമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.6). വാടകക്ക് നൽകുന്ന മുറികൾ എഗ്രിമെന്റനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കാത്തവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ- ടെണ്ടർ - ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല

ഇ - ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫോറം വില | വാറ്റൾ പ്പെടെ അകെ | പങ്കെടുത്ത കരാറുകാരു ടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | തുക | | |
| 1 | താണിച്ചോട്ടിൽത്താഴം റോഡ് നവീകരണം | 400000 | 800 | 840 | 3 | 2520 |
| 2 | പുത്തൻപുരയ്ക്കത്താഴം റോഡ് നവീകരണം | 400000 | 800 | 840 | 2 | 1680 |
| 3 | സൗഹൃദ ലെയിൻ നവീകരണം | 505000 | 1100 | 1155 | 3 | 3465 |
| 4 | കണ്ണിക്കുളം പാളായി അലുങ്കത്താഴം റോഡ് നവീകരണം | 500000 | 1000 | 1050 | 3 | 3150 |
| 5 | ഞാറക്കാട്ട് കനാൽ ബണ്ട് റോഡ് നവീകരണം | 505000 | 1100 | 1155 | 5 | 5775 |
| 6 | കാലാപ്പിള്ളി-ബലികുളത്തുപടി റോഡ് നവീകരണം | 615000 | 1300 | 1363 | 5 | 6825 |
| 7 | പഞ്ചായത്തുപടി-പാമ്പ്ര കവല റോഡ് റെക്ടിഫിക്കേഷൻ | 670000 | 1400 | 1470 | 0 | 0 |
| 8 | രാജീവ് ഗാന്ധി കീഴേത്തുകുഴി റോഡ് നവീകരണം | 500000 | 1000 | 1050 | 2 | 2100 |
| 9 | ഹോമിയോ ഡിസ്പെൻ സറി നവീകരണം | 200000 | 400 | 420 | 1 | 420 |
| 10 | ആയുർവ്വേദ ഡിസ്പെൻ സറി നവീകരണം | 300000 | 600 | 630 | 3 | 1890 |
| 11 | പീടികമുകൾ പട്ടശ്ശേരി ത്താഴെ ട്രില്ലർ പാസ്സേജ് | 22500 | 500 | 525 | 4 | 2100 |
| 12 | മേമുഖംമഞ്ഞംകുഴി പൊട്ട ക്കൽ റോഡ് ടാറിംഗ് | 717000 | 1500 | 1575 | 4 | 6300 |
| 13 | നെച്ചൂർ കടവ് പള്ളിക്കാ ത്തടം കോളനി റോഡ് റീ കോൺക്രീറ്റിംഗ് | 90000 | 400 | 420 | 3 | 1260 |
| 14 | പെരുമറ്റം കോളനി റോഡ് നവീകരണം | 500000 | 1000 | 1050 | 5 | 5250 |
| 15 | പാമ്പ്ര കോളനി റോഡ് റീ ടാറിംഗ് & ബൈ ലെയിൻ കോൺക്രീറ്റിംഗ് | 670000 | 1400 | 1470 | 2 | 2940 |
| 16 | ശ്രാപ്പിള്ളി ഒ.എൽ.എച്ച്. കോളനി സമഗ്ര വികസനം | 530000 | 1100 | 1155 | 5 | 5775 |
| 17 | പച്ചേലിൽ കിഴുമുറികടവ് കലുങ്ക് പുനർ നിർമ്മാണ വും | 700000 | 1400 | 1470 | 5 | 7350 |

| | | | | | | |
|---|---|---|---|---|---|---|
| | ലീഡിംഗ് ചാനൽ പുനർ നിർമ്മാണവും | | | | | |
| 18 | കുന്നേപടി കന്നുകുഴി മല റോഡ് ടാറിംഗ് | 505000 | 1100 | 1155 | 2 | 2310 |
| 19 | വെട്ടിത്തറ പാടശേഖരം ലീഡിംഗ് ചാനൽ വാട്ടർ ടാങ്ക് നിർമ്മാണം. | 700000 | 1400 | 1470 | 1 | 1470 |
| 20 | ഏഴക്കരനാട് യു.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം | 250000 | 500 | 525 | 2 | 1050 |
| 21 | പാമ്പ്ര കോളനി റോഡ് റീടാറിഗ് ടാറിംഗ് & ബൈ ലെയിൻ കോൺക്രീറ്റിംഗ് | 950000 | 1900 | 1995 | 3 | 5985 |
| 22 | പഞ്ചായത്തു പടി പാമ്പ്ര കവല റോഡ് റെക്ടിഫി ക്കേഷൻ | 670000 | 1400 | 1470 | 3 | 4410 |
| 23 | ഹോമിയോ ഡിസ്പെൻ സറി നെച്ചൂർ നവീകരണം | 200000 | 400 | 420 | 2 | 840 |
| 24 | വെട്ടിത്തറ പാടശേഖരം ലീഡിംഗ് ചാനൽ വാട്ടർ ടാങ്ക് നിർമ്മാണം | 700000 | 1400 | 1470 | 2 | 2940 |
| 25 | മഞ്ഞുംകുഴി തടത്തിൽ ഭാഗം കോളനി റോഡ് നവീകരണം | 500000 | 1000 | 1050 | 4 | 4200 |
| 26 | കെ.പി.പൗലോസ് റോഡ് ക്രാഷ് ബാരിയർ | 175000 | 400 | 420 | 0 | 0 |
| 27 | അരോടിത്താഴം കോളനി സമഗ്ര വികസനം | 500000 | 1000 | 1050 | 5 | 5250 |
| 28 | ശ്രാപ്പിള്ളി ഒ.എൽ.എച്ച്. കോളനി സമഗ്ര വികസനം | 530000 | 1100 | 1155 | 3 | 3465 |
| 29 | കുരുത്തോലത്തണ്ട് കോ സളനി സൈഡ് പ്രൊട്ട ക്ഷൻ | 500000 | 1000 | 1050 | 5 | 5250 |
| 30 | പഞ്ചായത്ത് കോൺഫറ ൻസ് ഹാൾ നവീകര ണ വും അനുബന്ധ സൗകര്യ വും ഒരുക്കൽ | 770000 | 1600 | 1680 | 2 | 3360 |
| 31 | താണിച്ചോട്ടിൽ ത്താഴം റോഡ് നവീകരണം (രണ്ടാം ഘട്ടം) | 7000 | 400 | 420 | 1 | 420 |
| 32 | പാലങ്കണ്ണായിപടി കുന്ന മ്മേത്താഴം ഫാം | 450000 | 900 | 945 | 3 | 2835 |
| 33 | കെ.പി. പൗലോസ് റോഡ് ക്രാഷ് ബാരിയർ | 175000 | 400 | 420 | 2 | 840 |

| | |
|---|---|
| ആകെ | 103425 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുകകൾ പഞ്ചായത്തിന് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയം - സോഫ്റ്റ്‌വെയർ കണക്കുകളിലെ അപാകത.

പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകളിലെ വസ്തു നികുതിയുടെ പരിശോധന നടത്തി. താഴെ പറയുന്ന അപാകതകൾ ഇനിയും പരിഹരിക്കാനവശേഷിക്കുന്നു.

1. റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ residential building arrear (431100101), current (431100102), Non residential building arrear (431100103), current (431100104) എന്നിവയിലെ ആകെ തുകയായിരിക്കണം സാഖ്യ 2016-17 വർഷത്തെ കളക്ഷൻ. ഈ തുക സഞ്ജയയിൽ നിന്നുള്ള ഡി.സി.ബി. 2016-17 പത്രിക പ്രകാരമുള്ള അരിയർ + കറന്റ് തുകയ്ക്ക് തുല്യമായിരിക്കണം. എന്നാൽ ഈ തുകകൾ തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

RP 43 പ്രകാരമുള്ള വിവരങ്ങൾ

| item | residential building (431100101 ) | Non residential building arrear (431100103)current | total |
|---|---|---|---|
| arrear | 1304380 | 235962 | 1540342 |
| current | 286803 | 16332 | 303135 |
| total | 1591183 | 252294 | 1843477 |

സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ

| | |
|---|---|
| residential building & Non residential building ( arrear) | 277135 |
| residential building & Non residential building (current) | 1498061 |
| total | 1775196 |

ഈ രണ്ടു കണക്കുകളും തമ്മിൽ 68281/- രൂപയുടെ വ്യത്യാസമുണ്ട്. Discrepency solving step ലൂടെ അപാകതകൾ പരിഹരിച്ച് സാംഖ്യയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കംപ്യൂട്ടർ വൽക്കരണത്തിലുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | കറന്റ് | ആകെ | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| 2014-15 | 718857 | 1690953 | 2409810 | 2149905 | 259905 |
| 2015-16 | 298891 | 1631641 | 1930532 | 1670931 | 259601 |
| 2016-17 | 447590 | 1939018 | 2386608 | 1843477 | 543131 |

2016-17 വർഷത്തെ ബാലൻസ് ഷീറ്റിൽ 526923/- രൂപയാണ് property tax receivables ആയി വരുന്നത്. വ്യത്യാസം 16208/- രൂപയാണ്. പഞ്ചായത്തിന്റെ വിശദീകരണം ലഭ്യമാക്കിയതിൻ പ്രകാരം സാംഖ്യ, സഞ്ജയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയ ശേഷം വന്ന അപാകതകൾ പരിഹരിച്ചപ്പോൾ മുൻ വർഷങ്ങളിലെ ഡിമാന്റുകളിൽ മാറ്റം വന്നിരുന്നു. സാംഖ്യയിലെ കളക്ഷൻ തുകയാണ് വരവായി എടുത്തിട്ടുള്ളത്. ആയതു ക്രമീകരിച്ചാണ്

2016-17 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയതെന്നറിയിച്ചിട്ടുണ്ട്.

## 2-5 കെട്ടിട നിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം

ഗ്രാമപഞ്ചായത്തിലെ, മണീട് വില്ലേജ് സർവ്വേ നം. 186/1, 183/4-2, 184/5-A, 184/5-A1, 184/5-A2, 184/5-A3, 184/5-A5,424/3 എന്നീ സർവ്വെ നമ്പറുകളിൽ പ്പെട്ട പത്തേക്കർ സ്ഥലത്ത് ഇൻസൈറ്റ് മീഡിയ സിറ്റിക്കു വേണ്ടി പെർമിറ്റ് അപേക്ഷ മാനേജിംഗ് ഡയറക്ടർ ആയ ശ്രീ.ആർ. ശ്രീകണ്ഠൻ നായർ, 21.3.2014 ൽ സമർപ്പിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരം 2262.81 ച.മീ. വിസ്തീർണ്ണമാണുള്ളത്. 7.5.2014ൽ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട് (A5- 1240/14).

1. കൊമേർസ്യൽ കെട്ടിടം പണിയുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. പെർമിറ്റ് നൽകിയതും കൊമേർസ്യൽ കെട്ടിടം എന്ന വിഭാഗത്തിൽപ്പെടുത്തിയാണ്. 5.10.2016 ലെ മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം നിർമ്മാണം നടത്തിയിട്ടുള്ളത് കാറ്റഗറി ജി.2 വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം കാറ്റഗറി മാറി പെർമിറ്റ് നൽകിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. (ജി.2 വിഭാഗത്തിൽപ്പെടുത്തിയത് റഗുലറൈസ് ചെയ്തിട്ടില്ല.)
2. ഫയലിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന അഗ്നിശമന ഡയറക്ടറുടെ അംഗീകാര സാക്ഷ്യപത്രം ഇല്ല.
3. ഒരു ഹെക്ടറിൽ കവിയുന്ന വിസ്തീർണ്ണമുള്ള പ്ലോട്ടുകളുടെ ഉപയോഗത്തിനും 1000 ച.മീ. കവിയുന്ന തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ലേ ഔട്ടുകൾക്കും ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമാണ് പെർമിറ്റ് നൽകാവുന്നത്. [കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59 (2)]. മേൽ രേഖകൾ ഫയലിൽ കണ്ടില്ല.
4. പ്രിൻസിപ്പിൽ സെക്രട്ടറിയുടെ No.LSGD- RB1/89/2016-LSGD/ 31.8.2016 കത്ത് പ്രകാരം സീനിയർ ടൗൺ പ്ലാനർ എറണാകുളത്തിന്റെ 11.2.2016 ലെ C-1956/15/KDIS കത്തിലെ നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2261.81m2 വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി വാങ്ങി ഏകദേശം 4000m2 ൽ കൂടുതൽ വിസ്തീർണ്ണമുള്ളതും 832KV പവറുള്ള ജനറേറ്ററുകളും ഉപയോഗിച്ച് സ്റ്റുഡിയോ പ്രവർത്തിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്. കൊമേർസ്യൽ ആവശ്യത്തിനു പെർമിറ്റ് വാങ്ങി സ്റ്റുഡിയോ നിർമ്മാണം നടത്തി കെട്ടിട നമ്പർ വാങ്ങാതെ പ്രവർത്തിക്കുന്ന നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുവാൻ സീനിയർ ടൗൺ പ്ലാനർ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.12). നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കെട്ടിടം നിർമ്മിക്കുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് വാങ്ങൽ - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

മരുന്ന വാങ്ങുവാൻ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ S-0013/17 നമ്പർ പ്രൊജക്ടിന്റെ ചെലവിലേയ്ക്കായി ബിൽ നം. 01/2016-17 പ്രകാരം 3,00,000/- നിർവഹണോദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പെട്ട് മരുന്ന വാങ്ങിയതിന്റെ അസ്സൽ ബിൽ, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11) മറുപടിയിൽ തുക HOMCO-യ്ക്ക് ട്രാൻസ്ഫർ ചെയ്തതായും രസീത് കിട്ടിയില്ലെന്നും മരുന്ന് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. രസീതിന്റെയും മരുന്നിന്റെയും അഭാവത്തിൽ ചെലവ് തുകയായ 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പദ്ധതി നടത്തി.

.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | എസ്. 0111/17,<br>വയോജനക്ഷേമ പ്രവർത്തനങ്ങൾ നടത്തൽ |
| അടങ്കൽ | 30000/- ( വികസന ഫണ്ട് 20000/- തനത് ഫണ്ട് 10000) |
| ചെലവ് | 20000/- ( ബിൽ നമ്പർ 20/16-17/24.03.17)<br>4810/- (ചെക്ക് നമ്പർ 51601153/ 31.03.17) |

മണീട് ഗ്രാമപഞ്ചായത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വയോജനസംഗമം (അച്ഛനമ്മമാരോടൊപ്പം ഒരു ദിനം) എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ഹാളിൽ വൃദ്ധജനങ്ങളുടെ ഒരു സംഗമം ആസൂത്രണം ചെയ്തു. പലമേഖലകളിൽ നിന്നുമായി 305 പേർ പങ്കെടുത്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ ഇതിനു വേണ്ടി വന്ന ചെലവുകൾ താഴെ പറയും പ്രകാരമാണ്. ഭക്ഷണചെലവ് 23720/- [മീനൂസ് കാറ്ററേഴ്സ്, നെച്ചൂർ പി.ഒ.)], ജനറേറ്റർ - 690/-, ഫോട്ടോ, 400/-. സബ്സിഡി പൊതുവിഷയങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ, ഖ.7.7 പ്രകാരം [ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11.01.2016] ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ, തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലാത്തതാണ്.

ഇപ്രകാരം മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10) വൃദ്ധരുടെ ക്ഷേമത്തിനായി പദ്ധതി ആവിഷ്കരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശമുള്ളതിനാലാണ് ഇപ്രകാരം സമ്മേളനം നടത്തിയതെന്നും, ഇത് മികച്ച രീതിയിൽ നടന്നിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തി. ഈ നടപടി അംഗീകരിക്കാവുന്നതല്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും പഞ്ചായത്ത് കമ്മിറ്റിയും ബാധ്യസ്ഥരാണ്. വിഷയത്തിൽ ഭരണസമിതിയുടേയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 അനുകരണീയ മാതൃക - പ്രത്യേക അവലോകനം

| | |
|---|---|
| പ്രോജക്ട് നം./പേര് | S0010/ 17, സൂതിക നവജാത ശിശു പരിചര്യ.<br>(Post Natal Care of Mother and New born ) |
| അടങ്കൽ | 1,00,000/- |

| | |
|---|---|
| ചെലവ് | 98165/- ( വൗച്ചർ നം. 59-10/ 2017 19.10.2016) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽഓഫീസർ (ആയുർവേദം) |

ലക്ഷ്യങ്ങൾ

പ്രസവാനന്തര ശുശ്രൂഷ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങി നൽകുക, സ്ത്രീകളുടെ പ്രസവാനന്തര ആരോഗ്യം മെച്ചപ്പെടുത്തുക എന്നിവയാണ് പ്രൊജക്ട് കൊണ്ട് ലക്ഷ്യമിട്ടിരുന്നത്.

പ്രവർത്തനം

പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ത്രീകളെയാണ് ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി യിട്ടുള്ളത്. 2016-17 വർഷത്തിൽ 100 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന അമ്മമാർക്കാണ് ഈ പ്രൊജക്ടിന്റെ ആനുകൂല്യം ലഭിക്കുന്നത്. ഈ ചികിത്സാ കാലയളവിൽ മെഡിക്കൽഓഫീസർ ഗുണഭോക്താക്കളെ സന്ദർശിച്ച് മരുന്നിന്റെ ഉപയോഗ ക്രമം മോണിറ്റർ ചെയ്യുന്നു. അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിന് താഴെ പറയുന്ന മരുന്ന് കിറ്റുകൾ ഔഷധിയിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം (ഒരാൾക്ക് നൽകിയത്) |
|---|---|---|
| 1 | ദശമൂലാരിഷ്ടം | 450 ml (1 bottle) |
| 2 | ജീരകാരിഷ്ടം | 450 ml (1bottle) |
| 3 | ധന്വന്തരം ഗുളിക | 30 Nos |
| 4 | ധന്വന്തരം കഷായം | 200ml (1 bottle) |
| 5 | തെങ്ങിൻ പൂക്കുലാമൃതം | 400g. (2 bottle) |
| 6 | ധന്വന്തരം കുഴമ്പ് | 200ml (3 bottle) |
| 7 | നാൽപാമരാതി കേരം | 200 ml (2 bottle) |
| 8 | കയ്യുണ്യാതി വെളിച്ചെണ്ണ | 200ml (1 bottle) |

പ്രസവ ശേഷം രജിസ്റ്റർ ചെയ്ത അമ്മമാർക്ക് ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സമ്മറി ഹാജരാക്കിയ മുറക്ക് മേൽ പറഞ്ഞ മരുന്നുകളുടെ കിറ്റ് നൽകുന്നു.

നേട്ടങ്ങൾ

സ്ത്രീകളുടെ പ്രസവാനന്തര ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഒരു പരിധിവരെയെങ്കിലും കഴിഞ്ഞിട്ടുണ്ട്. മാത്രവുമല്ല സമൂഹത്തിലെ താഴെത്തട്ടിലുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇപ്രകാരം പ്രസവാനന്തര ശുശ്രൂഷ ലഭിക്കുന്നതിനാൽ അവരുടെ ആരോഗ്യ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 156700 | ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ് | 156700 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 345300 | സമഗ്ര നെൽകൃഷി വികസനം | 345300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 225000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 225000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

# 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.നം.564/10 /ത.സ്വ.ഭ.വ./ 22.2.2010 | 4513270 | 1038728 | 10000 | 0 | 1028728 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 8,875 |
| ആകെ | 1,08,875 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | 8,875 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 62847/ 19.4.2017 | 50,000 |
| 2 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 67166/ 6.2.2017 | 50,000 |
| ആകെ | | | 1,00,000 |

# 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 6,789/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2014-15 | 3-3 | 414 | ഷാജി വി.ആർ | 11603100184/ 12.4.2016 |
| 2014-15 | 3-3 | 6,375 | വി.കെ. വൽസലൻ | 11603101277/ 29.9.2016 |
| ആകെ | | 6,789 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2011-12 & 2012-13 | 2014-15 | 4.1.10 | നിഷ്ക്രിയആസ്തി - പകൽ വീട് | പ്രവർത്തന സജ്ജമായി, ആഗസ്റ്റിൽ പ്രവർത്തനം തുടങ്ങുമെന്നറിയിച്ചിട്ടുണ്ട് |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,36,13,200 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,35,42,687 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,00,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000 | ഡോ. ജയിംസ് പി. ജോയ് , മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജയിംസ് പി. ജോയ് , മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), മണീട് ഗ്രാമപഞ്ചായത്ത് | പുത്തൻ വീട്ടിൽ ഹൗസ്, മങ്കൊമ്പ്, കോട്ടയം |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.ഇ.(പി2)1125/96 തി.31.5.97 | 31 |
| 1994-95 | എൽ.എഫ്.ഇ.(പി9) 826/13 തി.16.8.13 | 4 |
| 1995-96 | എൽ.എഫ്.ഇ.(പി9) 826/13 തി.16.8.13 | 1 |
| 1997-98 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 4 |
| 1998-99 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 2 |
| 1999-2000 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 1 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ. (പി1)1730/07 തി. 07.09.09 | 12 |
| 2002-03 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 | 5 |
| 2004-05 | എൽ.എഫ്.ഇ.(പി9) 2180/13 തി.10.12.13 | 17 |
| 2005-06 | എൽ.എഫ്.ഇ.(പി9)1905/13 തി.24.03.14 | 8 |
| 2006-07 | എൽ.എഫ്.ഇ.(പി9)1357/12 തി.11.09.12 | 9 |
| 2007-08 | എൽ.എഫ്.ഇ.(പി9)1359/12 തി.06.10.12 | 7 |
| 2008-09 | എൽ.എഫ്.ഇ.(പി9)1360/12 തി.06.10.12 | 1 |
| 2009-10 | എൽ.എഫ്.ഇ.(പി9)1361/12 / 06.10.12 | 2 |
| 2010-11 | എൽ.എഫ്.18961/ Spl.Cell/ CSC/C2 /12 തി.08.04.14 | 8 |
| 2011-12 & 2012-13 | കെ.എസ്.എ 8738/Spl.Cell /CSC/C2/15 തി. 07.10.15 | 5 |
| 2013-14 & 2014-15 | കെ.എസ്.എ. ഇ.കെ.എം(പി.9) 979 /2016 / 27.6.2016 | 7 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി.6) 901 /2016 / 30.11.2016 | 6 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി6)1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 14.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മണീട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.6)1645/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 14.09.2017

Certified that I have audited the Annual Financial Statement of MANEEDU Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MANEEDU Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director